111 (129) വയർലസ് ഉപകരണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കല്ലുവാതുക്കൽ മദ്യദുരന്തത്തിലെ പ്രതി മണിച്ചന്റെ ചിറയിൻകീഴ് കൊച്ചാലുംമൂട് ഗോഡൗണിൽ റെയ്ഡു നടത്തുമ്പോൾ അത്യാധുനികമായ വയർലസ് ആന്റിനയും ഡിഷ് ആന്റിനയും കണ്ടെത്തുകയുണ്ടായോ;

(ബി) ഈ ആന്റിന പോലീസിനല്ലാതെ മറ്റുള്ളവർക്ക് വിലയ്ക്കു വാങ്ങുവാൻ കഴിയുന്നതാണോ;

(സി) ഇതിന്റെ ഫ്രീക്വൻസി പോലീസ് വയർലസ്സിന്റെ ഫ്രീക്വൻസി തന്നെയായിരുന്നുവോ;

(ഡി) വയർലസ് ഉപകരണത്തിലൂടെ പോലീസിന്റെ സന്ദേശങ്ങൾ പിടിച്ചെടുക്കുവാൻ കഴിയുമായിരുന്നുവോ;

(ഇ) വയർലസ് സന്ദേശങ്ങൾ പിടിച്ചെടുക്കാനുള്ള കൺട്രോൾ റൂം മണിച്ചന്റെ വീട്ടിൽ സജ്ജീകരിച്ചിരുന്നുവോ;

(എഫ്)ഈ വയർലസ് ഉപകരണം മണിച്ചനു ലഭിച്ചത് എപ്രകാരം ആയിരുന്നു?

ഉത്തരം

(എ...എഫ്)പോലീസ് ഉപയോഗിക്കുന്ന വയർലസ്സിനു സമാനമായ ഒന്നല്ല കണ്ടെത്തിയത്. പോലീസിന്റെ വയർലസ് സന്ദേശങ്ങൾ പിടിച്ചെടുക്കാനുതകുന്നതാണെന്നോ, അവിടെ കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നതായോ യാതൊരു തെളിവും ലഭിച്ചിട്ടില്ല.

112 (130) പോലീസ് റെയ്ഡുകളിൽ പിടിച്ചെടുത്ത സാധനങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കല്ലുവാതുക്കൽ മദ്യദുരന്തത്തിനു ശേഷം അബ്കാരി കോൺട്രാക്ടർ മണിച്ചന്റെ വസതിയിൽ എത്ര പ്രാവശ്യം റെയിഡു ചെയ്തിട്ടുണ്ട്;

(ബി) ഓരോ റെയിഡിലും എന്തെല്ലാം സാധനങ്ങൾ അവിടെ നിന്നും കണ്ടെത്തുകയും പോലീസ് അധികാരികൾ പിടിച്ചെടുക്കുകയും ചെയ്തു;

(സി) പ്രസ്തുത റെയിഡുകളിൽ പിടിച്ചെടുത്ത സാധനങ്ങളുടെ മഹസ്സർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) പിടിച്ചെടുത്ത ഏതെങ്കിലും സാധനങ്ങൾ കാണാതായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾ എന്നു പറയുമോ?

ഉത്തരം

(എ) ഒരു തവണ പരിശോധന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'ജോണിവാക്കർ' എന്ന എഴുത്തുള്ള ഉദ്ദേശം 60 മില്ലീ ലിറ്റർ വീതം വരുന്ന വിദേശ മദ്യം എന്നു തോന്നിക്കുന്ന എട്ടു കുപ്പികൾ കണ്ടെടുത്തിട്ടുണ്ട്.

(സി) മഹസർ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

113 (131) വിഷമദ്യം കഴിച്ചതുമൂലം മരിച്ചവർ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ.എം.എ.കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) വിഷമദ്യം കഴിച്ചതുമൂലം 2000 ഒക്ടോബറിൽ സംസ്ഥാനത്ത് എത്രപേർ മരണപ്പെട്ടു;

(ബി) എത്ര പേർക്ക് കാഴ്ച നഷ്ടമായി; എത്ര പേർക്ക് അംഗവൈകല്യമുണ്ടായി;

(സി) എത്ര പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു;

(ഡി) വിഷമദ്യ ദുരന്തത്തിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്കും അംഗവൈകല്യം വരികയോ കാഴ്ച നഷ്ടപ്പെടുകയോ ചെയ്തവർക്കും എന്തെല്ലാം സഹായങ്ങൾ ഗവൺമെന്റ് നല്കി;

(ഇ) ഈ സ്ഥലങ്ങളിൽ വിഷമദ്യം വിറ്റത് ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ; എങ്കിൽ എന്ന്;

(എഫ്) ഈ വിഷമദ്യ ദുരന്തത്തിനുത്തരവാദികളായ ആർക്കെങ്കിലും വ്യാജമദ്യ വില്പനയുമായി ബന്ധപ്പെട്ട ശിക്ഷ ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇവർ വ്യാജ മദ്യവില്പനയിൽ വ്യാപരിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എച്ച്) ഇതു സംബന്ധിച്ച് ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) 31 പേർ.

(ബി) 3 പേർക്ക് കാഴ്ച നഷ്ടപ്പെട്ടു, അംഗവൈകല്യം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) 305 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(ഡി) വിഷമദ്യ ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് 30,000 രൂപ വീതവും കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് 25,000 രൂപ വീതവും ചികിത്സയ്ക്ക് വിധേയമായവർക്ക് 15,000 രൂപ വരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സാമ്പത്തികസഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly